# Kerala Catholic Bishops' Council
(KCBC)

Secretariat Kerala Catholic Bishops' Council, Pastoral Orientation Centre
P.B. No. 2251, Palarivattom, Kochi-682025, Kerala, India
Tel: 0484-2805722, 2805815, Fax: 0484-2806214, E-mail: kcbckochi@gmail.com



PRESIDENT

ARCHBISHOP MOST REV. DR. DANIEL ACHARUPARAMBIL
Latin Archbisop's House
P.B. No. 2581, Kochi-682031
Ph: 0484-2372892, 2380474
Fax: 0484-2360911
E-mail: vpoly@vsnl.com

VICE-PRESIDENT

BISHOP DR. JOSHUA MAR IGNATHIOS
Amalagiri Catholic Bishop's House
St. Mary's Malankara Catholic Cathedral
Punnamoodu, Mavelikara-690 101
Ph: 0479 2344081, 2344082
Fax 0479 2344083
E-mail: marignathios@yahoo.co.in

SECRETARY

ARCHBISHOP MAR ANDREWS THAZHATH
Archbishop's House
Trichur-680005
Ph: 0487-2333325, 2338203
Fax: 0487-2338204
E-mail: athazhath@hotmail.com

DEPUTY SECRETARY

DR. STEPHEN ALATHARA
Pastoral Orientation Centre
Palarivattom, Kochi-682 025
Ph: 0484-2805722, 2805815
Fax: 0484-2806214
E-mail: stephenalathara@hotmail.com


31.07.2009

All Kerala Press Release

***Ref:*** *224/KCBC/K-6/KPR*

## ഫാ. ജെയിംസ് മുകളേലിന്റെ കൊലപാതകം കെ.സി.ബി.സി. ആശങ്ക രേഖപ്പെടുത്തി

കൊച്ചി: കർണ്ണാടകയിലെ തോട്ടത്താടിക്ക് സമീപം കുംതാടി ഗ്രാമത്തിൽ തലശ്ശേരി അതിരൂപതാംഗവും ബൽത്തങ്ങാടി രൂപതയിലെ കുട്ടൂർപാടി സെന്റ് മേരീസ് പള്ളി വികാരിയുമായ ഫാ. ജെയിംസ് മുകളേൽ അതിദാരുണമായി കൊലചെയ്യപ്പെട്ട സംഭവത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി അതീവ ദുഃഖവും നടുക്കവും രേഖപ്പെടുത്തി. മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്ന രീതിയിൽ ആസൂത്രിതമായ കൊലപാ തകമാണ് നടന്നിരിക്കുന്നതെന്നാണ് പോലീസിന്റെ പ്രാഥമിക അന്വേഷണത്തിൽ മനസ്സിലായിരിക്കുന്നത്. സമുദായങ്ങൾ തമ്മിൽ സഹവർത്തിത്വത്തോടും സ്നേഹത്തോടും കഴിയുന്ന പ്രദേശത്ത് സാമൂഹിക ഉന്നമനത്തിനായി പ്രവർത്തിച്ചിരുന്ന ക്രൈസ്തവ പുരോഹിതനെ ക്രൂരമായ രീതിയിൽ കൊലചെയ്തത് പ്രദേശത്ത് നിലനിൽക്കുന്ന സമാധാന അന്തരീക്ഷം തകർക്കാനാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. തൽപരകക്ഷികളുടെ ഈ ലക്ഷ്യസാധ്യതയ്ക്ക് ആരും വശംവദരാകരുതെന്നും എല്ലാവരും സംയമനം പാലിക്കണമെന്നും കെ.സി.ബി.സി. അഭ്യർത്ഥിച്ചു. ആസൂത്രിത കൊലപാതകത്തെക്കുറിച്ച് കർണാടക സർക്കാർ സമഗ്രഅന്വേഷണം നടത്തണമെന്നും കുറ്റകൃത്യം ചെയ്തവർ ആരായാലും അവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരണമെന്നും കെ.സി.ബി.സി. ആവശ്യപ്പെട്ടു. ഫാ. ജെയിംസ് മുകളേലിന്റെ കുടുംബാഗങ്ങൾക്കും ബൽത്തങ്ങാടി രൂപത വിശ്വാസി സമൂഹത്തിനും കേരള കത്തോലിക്കാസഭ ദുഃഖവും അനുശോചനവും അറിയിച്ചു. സാമൂഹ്യനന്മയ്ക്കായി പ്രവർത്തിക്കുന്ന ക്രൈസ്തവ മിഷണറിമാരെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരേ സമൂഹം ഒറ്റക്കെട്ടായി മുന്നോട്ടുവരേണ്ടത് സമൂഹത്തിന്റെ കടമയാണ്. നമ്മുടെ രാജ്യത്തെ സാമുദായിക സൗഹാർദ്ദം നശിപ്പിക്കാൻ ആരെയും നാം അനുവദിക്കരുതെന്നും കെ.സി.ബി.സി. പ്രസിഡന്റ് ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡന്റ് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ജനറൽ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പ്രസ്താവനയിൽ അഭ്യർത്ഥിച്ചു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.